**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ** **13/7/2011 ൽ മറുപടിയ്ക്ക്**

**ചോദ്യം നമ്പർ: റ്റി.1592**

**ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി പ്രകാരം അരൂർ നിയോജകമണ്ഡലത്തിലെ ഗുണഭോക്താക്കൾ**

**ചോദ്യം** **ഉത്തരം**

**എ.എം ആരിഫ്** **ഡോ.എം.കെ.മുനീർ**

**( പഞ്ചായത്തും സമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)**

(എ) ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി പ്രകാരം അരൂർ നിയോജക മണ്ഡലത്തിലെ 10 പഞ്ചായത്തുകളിലും ഗുണഭോക്താക്കളായി നിശ്ചയിച്ചവരുടെ എണ്ണം പഞ്ചായത്ത് തിരിച്ചു വ്യക്തമാക്കുമോ ;

(എ) ഇ.എം.എസ് ഭവന പദ്ധതി പ്രകാരം അരൂർ നിയോജകമണ്ഡലത്തിലെ 10 ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്തിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| തുറവൂർ | 400 |
| കുത്തിയതോട് | 457 |
| കോടംതുരുത്ത് | 350 |
| എഴുപുന്ന | 328 |
| അരൂർ | 702 |
| പെരുമ്പളം | 272 |
| അരുക്കുറ്റി | 414 |
| പാണാവള്ളി | 541 |
| തൈക്കാട്ടുശ്ശേരി | 512 |
| ചേന്നംപള്ളിപ്പുറം | 1033 |
| ആകെ | 5009 |

(ബി) അതിൽ എത്രപേർ ഓരോ പഞ്ചായത്തിലും എഗ്രിമെന്റ് വെച്ച് നിർമ്മാണ പ്രവർത്തനം ആരംഭിച്ചുവെന്നും പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ പഞ്ചായത്തിലും എഗ്രിമെന്റ് വച്ച് നിർമ്മാണ പ്രവർത്തനം ആരംഭിച്ച ഗുണഭോക്താക്കളുടെ എണ്ണവും അതിൽ പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്തിന്റെ പേര് | എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളുടെ എണ്ണം | നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തുറവൂർ | 293 | 220 |
| കുത്തിയതോട് | 141 | 21 |
| കോടംതുരുത്ത് | 146 | 31 |
| എഴുപുന്ന | 113 | 33 |
| അരൂർ | 181 | 38 |
| പെരുമ്പളം | 125 | 42 |
| അരുക്കുറ്റി | 228 | 60 |
| പാണാവള്ളി | 157 | 30 |
| തൈക്കാട്ടുശ്ശേരി | 196 | 87 |
| ചേന്നംപള്ളിപ്പുറം | 303 | 134 |
| ആകെ | 1883 | 696 |

| | | | |
|---|---|---|---|
| (സി) | ഇനിയും എഗ്രിമെന്റ് വെച്ച് നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കൾക്ക് പകരം അർഹരായ അപേക്ഷകരുണ്ടെങ്കിൽ അവർക്ക് വീട് നിർമ്മിക്കാൻ വേണ്ട സഹായം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ; | (സി) | സ്വീകരിക്കുന്നതാണ്. |
| (ഡി) | എം.എൻ വീട് പുനർ നിർമ്മാണ പദ്ധതിയ്ക്ക് എം.എൽ.എ ഫണ്ട് വിനിയോഗിക്കാവുന്നതാണെന്ന സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; | (ഡി) | എം.എൻ. വീട് പുനർ നിർമ്മാണ പദ്ധതിയ്ക്ക് എം.എൽ.എ.ഫണ്ട് വിനിയോഗിക്കാവുന്നതാണെന്ന സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിൽ തടസ്സങ്ങളൊന്നും തന്നെയില്ല. |
| (ഇ) | കുത്തിയതോട് (അരൂർ മണ്ഡലം) പഞ്ചായത്തിൽ അനുവദിച്ച 5 ലക്ഷം രൂപ ഇതുവരെ പഞ്ചായത്തിന് കൈമാറി കിട്ടിയിട്ടില്ലാത്തത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | കുത്തിയതോട് (അരൂർ മണ്ഡലം) പഞ്ചായത്തിന് അനുവദിച്ച തുക കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ